പരിക്കേറ്റവർ

സി.പി.എം.	-	29
ബി.ജെ.പി.	-	18
കോൺഗ്രസ്	-	6
രാഷ്ട്രീയബന്ധമില്ലാത്തവർ	-	5

വീട് തകർക്കപ്പെട്ടവർ

ബി.ജെ.പി.	-	21
സി.പി.എം.	-	8

കടകൾ തകർക്കപ്പെട്ടത്

സി.പി.എം.	-	1
ബി.ജെ.പി.	-	2
രാഷ്ട്രീയ ബന്ധമില്ലാത്തവർ	-	2

69 (87) പൊയിലൂരിൽ നിന്ന് പോലീസ് കസ്റ്റഡിയിൽ എടുത്തവർ

ശ്രീ.കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ 10ന് സെൻട്രൽ പൊയിലൂരിൽ നിന്ന് പോലീസ് കസ്റ്റഡിയിലെടുത്ത സി.പി.ഐ.(എം) ന്റെ ബൂത്ത് ഏജന്റ് അടക്കമുള്ളവരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. അന്നേ ദിവസം കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ സത്യാഗ്രഹമിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇവരെ എന്തിനാണ് പോലീസ് കസ്റ്റഡിയിലെടുത്തത്;

(സി) ഏതെല്ലാം എം.എൽ.എ.മാരാണ് പോലീസ്സ്റ്റേഷനിൽ സത്യാഗ്രഹമിരുന്നത്;

(ഡി) ഈ സത്യാഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയച്ചുവോ;

(ഇ) എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് പറയുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൊളവല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.69/2000 ലെ പ്രതികളായ മഠത്തിൽ കുഞ്ഞിരാമൻ, തയുള്ളത്തിൽ സുനിൽകുമാർ, എം.പി. കുഞ്ഞിക്കണ്ണൻ എന്നിവരേയും തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി 14 പേരേയും രണ്ടു സ്ഥലങ്ങളിൽ നിന്നായി കസ്റ്റഡിയിൽ എടുത്തിരുന്നു.

(സി) ആരും സത്യാഗ്രഹമിരുന്നിട്ടില്ല.

(ഡി) 'സി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സി.ആർ.പി.സി. സെക്ഷൻ 151 പ്രകാരം കുറ്റ നമ്പർ 74/2000/ 73/2000 കേസുകളിലെ 14 പ്രതികളെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ പൂർത്തിയാക്കി വിട്ടയച്ചിട്ടുള്ളതാണ്.

70 (88) സംഘട്ടനങ്ങൾ

ശ്രീ.ജി.കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ എത്ര; വർഗ്ഗീയ സംഘട്ടനങ്ങൾ എത്ര;

(ബി) ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നു; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ നടന്ന സംഘട്ടനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, വർഗ്ഗീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)	ആകെ സംഘട്ടനങ്ങൾ	-	27073
	രാഷ്ട്രീയ സംഘട്ടനങ്ങൾ	-	4973
	വർഗ്ഗീയ സംഘട്ടനങ്ങൾ	-	21
(ബി)	ആകെ കൊലപാതകങ്ങൾ	-	2058
	രാഷ്ട്രീയ കൊലപാതകങ്ങൾ	-	63

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

71 (89) നിരോധനാജ്ഞ ലംഘിച്ചവർ

ശ്രീ.ആര്യാടൻ മുഹമ്മദ് :
ശ്രീ.പി.പി.തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്തംബർ 26-ാം തീയതി തൃക്കരിപ്പൂരിനു സമീപം എടച്ചാക്കൈയിൽ നിരോധനാജ്ഞ നിലവിലുണ്ടായിരുന്നുവോ;

(ബി) അന്ന് ഉച്ചയ്ക്ക് എടച്ചാക്കൈ ജംഗ്ഷനിൽ സി.പി.ഐ.(എം) പ്രവർത്തകർ കൂട്ടുകൂടി നിന്ന് നിരോധനാജ്ഞ ലംഘിച്ചുവോ;

(സി) ഇവർ പോലീസിനെ വളഞ്ഞുവച്ച് ഭീഷണിപ്പെടുത്തുകയുണ്ടായോ;

(ഡി) ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് ആരെങ്കിലും പ്രസംഗിച്ചുവോ; എങ്കിൽ ആരെന്ന് വെളിപ്പെടുത്തുമോ;

---

* അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly